തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): സർ, അദ്ദേഹം ഈ ബോർഡിന്റെ ചെയർമാൻ ആയിരുന്നതുകൊണ്ട് അദ്ദേഹത്തിന് വ്യക്തമായി അറിയാം. അധിവർഷ ആനുകൂല്യം കൊടുക്കുവാൻ കഴിയാതെ എഴുതി വച്ചിരിക്കുന്നു എന്നുള്ളതാണ് ഇതിന്റെ വസ്തുത. ഒരു വർഷം അധിവർഷ ആനുകൂല്യം കൊടുക്കുന്നതിനു വേണ്ടി മാത്രം അറുപത്തിയഞ്ചു കോടി രൂപ വേണം. ഈ ബോർഡിന്റെ ആകെ ഒരു വർഷത്തെ വരുമാനം മൂന്നു കോടി നാലു കോടിരൂപയാണ്. ആ ഒരു ആനുകൂല്യം കൊടുക്കുവാൻ വേണ്ടി മാത്രം അറുപത്തിയഞ്ചു കോടി രൂപ വേണ്ടിവരും. ഇത് എന്താണെന്നുവച്ചാൽ അധിവർഷ ആനുകൂല്യമെന്നു പറഞ്ഞ് എഴുതിവച്ചിരിക്കുന്ന ആനുകൂല്യം പിന്നീട് അമെന്റ്മെന്റ് വരുത്തി കൊണ്ടു വന്നതാണ്. 52, 53, 54 വയസ്സ് ഉള്ളപ്പോൾ അംഗമായി ചേരും. മൂന്നു രൂപ വീതം പന്ത്രണ്ടു മാസം, മുപ്പത്തിയാറും മുപ്പത്തിയാറും എഴുപത്തിരണ്ടു രൂപ ബോർഡിൽ അടയ്ക്കുമ്പോൾ അയ്യായിരം രൂപ തിരിച്ചു കൊടുക്കും. അതാണ് ഇപ്പോൾ വന്നിരിക്കുന്നത്. അതുകൊണ്ട് ഈ വർഷം ബജറ്റിൽ നാല്പത്തിനാലു കോടി രൂപ കർഷക തൊഴിലാളികൾക്ക് പെൻഷനും ആനുകൂല്യവും കൊടുക്കുവാൻ മാറ്റി വച്ചു. ഒരു വർഷം നാല്പത്തിനാല് കോടിയിൽ കൂടുതൽ രൂപ ഒരു വിഭാഗത്തിനു വേണ്ടി മാത്രം കൊടുക്കുവാൻ വേണ്ടി നീക്കിവയ്ക്കുകയാണ്. ഈ ബജനാവിൽ ഉള്ളതിന്റെ നല്ല ഒരു വിഹിതം നീക്കി വച്ചിരിക്കുന്നു. നാല്പത്തിയാറുകോടി രൂപ കൊടുത്താൽ രണ്ടു ഗഡു പെൻഷൻ കൊടുക്കാനേ പറ്റൂ. ഇരുപത്തിനാലു കോടി രൂപ വേണം ഒരു ഗഡു പെൻഷൻ കൊടുക്കുവാൻ. ഇതാണ് സ്ഥിതി. ഗവൺമെന്റിന്റെ സാമ്പത്തിക പരിധിയിൽ നിന്നുകൊണ്ട് ചെയ്യാവുന്നതിന്റെ പരമാവധി ഇക്കാര്യത്തിൽ ചെയ്യും.

(7) താമരശ്ശേരിയിൽ മുൻസിഫ് കോടതി അനുവദിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. സി. മോയിൻകുട്ടി: സർ, ബഹുമാനപ്പെട്ട ഹൈക്കോടതി റെക്കമെന്റ് ചെയ്തിട്ട് ആറു വർഷമായി എങ്കിലും താമരശ്ശേരി മുൻസിഫ് കോടതി ഇന്നും യാഥാർത്ഥ്യമായിട്ടില്ല, നൂറു കിലോമീറ്റർവരെ യാത്ര ചെയ്താണ് കോഴിക്കോട്ടുള്ള മുൻസിഫ് കോടതിയിൽ ആളുകൾ എത്തുന്നത്. ഒരു കോടിയിൽപ്പരം രൂപ മുതൽമുടക്കുള്ള മനോഹരമായ കെട്ടിടം താമരശ്ശേരിയിലുണ്ട്. രണ്ട് മജിസ്ട്രേറ്റു കോടതികൾ അവിടെ പ്രവർത്തിക്കുന്നുണ്ട്. അവിടെ ആറു വർഷം മുമ്പ് റെക്കമെന്റ് ചെയ്തിട്ടുള്ള മുൻസിഫ് കോടതി വളരെ അടിയന്തിരമായി പ്രാവർത്തികമാക്കണമെന്നാണ് എന്റെ സബ്മിഷൻ. മലയോര കുടിയേറ്റ മേഖലയിൽനിന്ന് എത്തിച്ചേരാനുള്ള ദുരിതം, സമയ നഷ്ടം, സാമ്പത്തിക നഷ്ടം ഇതൊക്കെ വലിയ പ്രശ്നമാണ്. അതുകൊണ്ട് എല്ലാ ഭൗതിക സൗകര്യങ്ങളുമുള്ള താമരശ്ശേരിയിൽ മുൻസിഫ് കോടതി അടിയന്തിരമായി പ്രാവർത്തിക മാക്കണമെന്നാണ് എനിക്ക് ഈ സബ്മിഷനിലൂടെ അങ്ങയോട് അഭ്യർത്ഥിക്കു വാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, കോഴിക്കോട് ജില്ലയിലെ താമരശ്ശേരിയിൽ ഒരു മുൻസിഫ് കോടതി സ്ഥാപിക്കണമെന്ന് ഹൈക്കോടതി തീരുമാനിക്കുകയും ഈ ശുപാർശ ഗവൺമെന്റ് അംഗീകരിച്ച് മുൻഗണനാ ക്രമത്തിൽ ഇരുപത്തിയൊന്നാം നമ്പരായി ചേർക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത മുൻഗണന പ്രകാരം മുൻസിഫ് കോടതി സ്ഥാപിക്കുന്ന കാര്യം പ്രത്യേകം പരിഗണിക്കുന്നതാണ്.

IV. പ്രത്യേക പരാമർശം

എം. എൽ. എ.-യുടെ വീടിനുനേരെ നടന്ന ആക്രമണം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അടൂർ എഞ്ചിനീയറിംഗ് കോളേജ് അടൂരിനെ സംബന്ധിച്ചിടത്തോളം, ഞങ്ങളുടെ ആത്മാഭിമാനമാണ്. 1995-ൽ നമ്മുടെ ഇപ്പോഴത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് ആ എഞ്ചിനീയറിംഗ് കോളേജിന് തറക്കല്ലിട്ടതും ആരംഭിച്ചതും. എന്റെ വീട് കല്ലെറിയാൻ ശ്രമിച്ചു. എന്റെ വീടിന്റെ പടിക്കൽ മാർച്ചുചെയ്ത് വന്നു. അവരെ കുറിച്ച് ഒരു പരാതിയും ഞാൻ പറയുന്നില്ല. ഞാൻ പൊതു പ്രവർത്തകനാണ്. .....(ബഹളം).....(ബഹളം).....(ബഹളം) .....(ബഹളം).....എന്നെ സംബന്ധിച്ചിടത്തോളം ഇവർ ബഹളം വയ്ക്കേണ്ട കാര്യമില്ല. ഞാൻ ഇവർക്കെതിരെയൊന്നും പരാതി പറയാൻ വന്നതല്ല. അവിടെയുള്ള ഒരാളുടെ പേരിൽ പോലീസ് കേസ് എടുക്കണമെന്നോ നടപടിയെടുക്കണമെന്നോ അറസ്റ്റ് ചെയ്യണമെന്നോ ഒന്നും എനിക്ക് ആഗ്രഹമില്ല. പക്ഷേ എനിക്ക് നിങ്ങളുടെ മനസ്സാക്ഷിയോട് ഒരു ചോദ്യമുണ്ട്. ഞാൻ നിയമസഭയിൽ പ്രസംഗിച്ചതിന്റെ പേരിൽ എന്റെ വീട്ടിന്റെ പടിക്കൽവരാമോ? ഈ നിയമസഭയിൽ നിങ്ങളുമൊക്കെ സംസാരിക്കുന്നവരല്ലേ? എന്റെ നിയോജക മണ്ഡലത്തിൽ ഞങ്ങളുടെ ആത്മാഭിമാനത്തിന്റെ പ്രശ്നമായ ഞങ്ങളുടെ ഉന്നത വിദ്യാഭ്യാസ സ്ഥാപനം, അതിന്റെ സൽപ്പേരിനും കളങ്കം വരുന്ന ഒരു കാര്യം വന്നപ്പോൾ ഞാൻ അതിനെക്കുറിച്ച് എന്റെ അഭിപ്രായം പറഞ്ഞുവെന്നല്ലേയുള്ളൂ. .....(ബഹളം).....(ബഹളം).....(ബഹളം)..... അങ്ങാണ് എനിക്ക് പ്രൊട്ടക്ഷൻ തരേണ്ടത്.....(ബഹളം)..... ഈ സഭയിൽ വ്യക്തിപരമായി പറയാനുള്ള ഒരു കാര്യം പോലും പറയാൻ അനുവദിക്കുകയില്ലെങ്കിൽ ഞാനിരിക്കാം. ഞാൻ നില്ക്കുന്നതാണ് പ്രശ്നമെങ്കിൽ ഞാൻ ഇരിക്കാം. എനിക്ക് വാശിയില്ല. ഞങ്ങളുടെ പ്രദേശത്തെ സംബന്ധിച്ചിടത്തോളം ആത്മാഭിമാനമായ ആ സ്ഥാപനത്തെ ഒരു കേടും കൂടാതെ കാത്തുസൂക്ഷിക്കണമെന്നുള്ള ഞങ്ങളുടെ ഒരു പൊതുവികാരം മാത്രമാണ് ഞാൻ നിയമസഭയിൽ പറഞ്ഞത്. അതിന്റെ പേരിലുണ്ടായ കോലാഹലം സത്യത്തിൽ ദു:ഖകരമാണ്. അത് ഈ സംസ്ഥാനത്തിന്റെ താല്പര്യത്തിന് ഗുണകരമല്ല. അതുമാത്രമാണ് എനിക്ക് ഓർമ്മിപ്പിക്കുവാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly